## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിലെ അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസറായ ശ്രീ.കെ. ജയകുമാറിന്റെ ഭാര്യയായ ശ്രീമതി.മായ ഡി. ബി.യുടെ ചികിത്സയ്ക്കായുള്ള മെഡിക്കൽ റീ-ഇംബഴ്സ്മെന്റ് ക്ലെയിം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.633/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 07.03.2018.

---

പരാമർശം:- 1. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06.10.2015 ലെ 4412/2015/ആ.കു.വ നമ്പർ സർക്കുലർ.

2. കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിലെ അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസർ ആയ ശ്രീ. ജയകുമാറിന്റെ 11.09.2017 ലെ അപേക്ഷ.

3. ഗ്രാമവികസന കമ്മീഷണറുടെ 03.01.2018 ലെ 15227/എസ്റ്റാ.സി 1 /2017/സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിലെ അസിസ്റ്റന്റ് അഗ്രിക്കൾച്ചറൽ ഓഫീസറായ ശ്രീ. കെ. ജയകുമാർ തന്റെ ഭാര്യയായ ശ്രീമതി. മായ ഡി. ബി.യ്ക്ക് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സയ്ക്കായി ചെലവായ തുകയ്ക്ക് മെഡിക്കൽ റീ-ഇംബഴ്സ്മെന്റ് ക്ലെയിം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ,കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയായ 99,005/- (തൊണ്ണൂറ്റിയൊൻപതി നായിരത്തി അഞ്ച് രൂപ മാത്രം ) അനുവദിക്കണമെന്ന് ശുപാർശ ചെയ്തു കൊണ്ട് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിലെ അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസറായ ശ്രീ. കെ. ജയകുമാറിന്റെ ഭാര്യയായ ശ്രീമതി. മായ ഡി. ബി.യ്ക്ക് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സയ്ക്കായി ചെലവായ തുകയായ 99,005/- (തൊണ്ണൂറ്റിയൊൻപതിനായിരത്തി അഞ്ച് രൂപ മാത്രം ) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എൻ. പി**
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ശ്രീ. കെ. ജയകുമാർ, അസിസ്റ്റന്റ് അഗ്രിക്കൾച്ചർ ഓഫീസർ, ഇ.ടി.സി, കൊട്ടാരക്കര (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പാൾ, കില -സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡവലപ്മെന്റ്., കൊട്ടാരക്കര
ധനകാര്യ വകുപ്പ് (അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 731701/എൽ3/60/2018/ഫിൻ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ